കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തളിക്കുളം ഗ്രാമപഞ്ചായത്ത്

2018-19

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ.(പി.14)1219/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020
ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി:30/12/2020

ഡെപ്യൂട്ടി ഡയറക്ടർ

സെക്രട്ടറി(പ്രസിഡന്റ് മുഖേന)
തളിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം –തളിക്കുളം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയപകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.(പി.14)1219/2020 തീയതി.30/12/2020

## തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 1.04.2018 മുതൽ 31.03.2019 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് , വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരിഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.10.20 മുതൽ 21.10.20 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.ഷോബി.വി.പി. | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ.സ്റ്റാൻലി.പി.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജീജോ ജോബ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജോയ്സൻ.സി.ജെ. | ഓഡിറ്റർ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | സന്ധ്യ രാമകൃഷ്ണൻ | 01.4.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ഉന്മേഷ്.എ.ആർ. | 01.4.18 മുതൽ 31.03.19 വരെ |

<u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | കെ.കെ.ജോയ് | 01.04.18 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | രമ്യ.വി.എം | 01.04.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. ജാൻസി .ഡി. | 01.04.18 മുതൽ 12.07.18 വരെ |
| | ഡോ. ലിറ്റി ജോൺ | 13.07.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ബിന്ദു.എം.യു. | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.നിജ്ജ ജോർജ് | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ഡീന ആന്റണി | 01.04.18 മുതൽ 08.06.18 വരെ |
| | ഡോ.അനീഷ് കമാർ.എസ്.പി. | 09.06.18 മുതൽ 31.03.19 വരെ |
| ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ്. | ശ്രീകല എം.പി. | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ, സർക്കിൾ-1 | ജ്ജൂഡി.എസ് | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ സർക്കിൾ-2 | ജിഷ ആർ.എം. | 01.04.18 മുതൽ 03.09.18വരെ |
| | ജ്ജൂഡി.എസ് | 04.09.18 മുതൽ 05.09.18 വരെ |
| | ദിവ്യ.ടി.ശങ്കർ | 05.09.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | റഫീന | 01.04.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ജീജഭായി.സി.എച്ച്. | 01.04.18 മുതൽ 31.03.19 വരെ |
| സബ് ഇൻസ്ട്രക്ടർ ഓഫ് ഫിഷറീസ് | വി.എസ്.സുരേഷ് ബാബു | 01.04.18 മുതൽ 31.03.19 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് | 1-3 |

| | | |
|---|---|---|
| | സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | |
| 4 | സാമ്പത്തിക വിശകലനം(റസീറ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | 1-13 |
| 14 | ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുന്നു. | 1-14 |
| 15 | എഫ്.എ.ആർ.അധികരിച്ചത് ക്രമവത്ക്കരിക്കാതെ കെട്ടിടനമ്പർ നൽകി | 1-15 |
| 16 | 480.79ച.മീ. വിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവ് സംഭവിക്കുന്നു. | 1-16 |
| 17 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവ് സംഭവിക്കുന്നു. | 1-17 |
| 18 | അധികനിർമ്മാണം ക്രമവത്ക്കരിച്ചില്ല. | 1-18 |
| 19 | പത്രപ്പരസ്യ ചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. | 1-19 |
| 20 | വാട്ടർ അതോറിറ്റിക്ക് സെന്റേജ് ചാർജ്ജിനത്തിൽ അധിക തുക അനുവദിച്ചു. | 1-20 |
| 21 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ- അപാകതകൾ | 1-21 |
| 22 | മുഴുവൻ തുകയും കൈമാറിയിട്ടും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചില്ല. | 1-22 |
| 23 | ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക കൈമാറിയത് അഡ്വാൻസ് രജിസ്റ്ററിലോ ലെഡ്ജറിലോ രേഖപ്പെടുത്തിയിട്ടില്ല. | 1-23 |
| 24 | വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-24 |
| 25 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 1-25 |
| 26 | പ്രൊജ.നം.164/19 മാലിന്യ സംസ്കരണ യൂണിറ്റ് യാഥാർത്ഥ്യമായിട്ടില്ല / ജി.എസ്.ടി അടവാക്കിയിട്ടില്ല. | 1-26 |
| 27 | ദേശീയ തൊഴിലുറപ്പ് പദ്ധതി- അബ്ദുഹാജി കോൺക്രീറ്റ് റോഡ് നിർമാണം-ക്വാറി മക്കിന് | 1-27 |

| | | |
|---|---|---|
| | അധിക നിരക്ക് നൽകി | |
| 28 | ലൈഫ് പദ്ധതി- ആദ്യഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല. | 1-28 |
| 29 | എസ്.സി., എസ്.ടി. പദ്ധതിയ്ക്കു വേണ്ടി വകയിരുത്തിയ തുക മുഴുവനായി ചെലവഴിച്ചിട്ടില്ല | 1-29 |
| 30 | പണം മുഴുവനായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-30 |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 42 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26-03-2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.02.2019 തീയതിയിലെ 19-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ₹22,17,38,107 യും ചെലവ് ₹21,20,28,040 യും ആയിരുന്നു. എന്നാൽ യഥാർത്ഥ വരവ് ₹8,59,10,266ഉം ചെലവ് ₹7,56,76,389ഉം ആണ്. ബജറ്റും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 03.05.19 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.07.2019 & 25.07.2019 | കെ.എസ്.എ.ടി.എസ്.ആർ (എസ്1) – 1120/19(73) |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22,46,589 |
| വരവ് | 8,59,10,266 |
| ആകെ | 8,81,56,855 |
| ചെലവ് | 7,56,76,389 |
| നീക്കിയിരിപ്പ് | 1,24,80,466 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13359000 | 13359000 | 12558446 | 800554 | 94% |
| വികസനഫണ്ട് എസ്.സി.പി. | 3174000 | 3174000 | 3172196 | 1804 | 99.94% |
| വികസനഫണ്ട് ടി.എസ്.പി. | 66999 | 66999 | 0 | 66999 | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 10572000 | 10572000 | 9028915 | 1543085 | 85.40% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2780000 | 2780000 | 2780000 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8007793 | 8007793 | 6199591 | 1808202 | 77.41% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 111091225 | 128 | 57017333 | 43 | 14 | 69.18 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69360 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 2349100 | 185 |
| വിധവാപെൻഷൻ | 15855800 | 1305 |
| വാർദ്ധക്യകാലപെൻഷൻ | 20903100 | 1748 |
| വികലാംഗപെൻഷൻ | 4011600 | 310 |
| അവിവാഹിത പെൻഷൻ | 924100 | 79 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 240000 | 5 |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2455 | 596674 | 599129 | 596865 | 2264 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 22791200 | 22791200 | 22791200 | 0 |
| Material cost | 0 | 2019253 | 2019253 | 2019253 | 0 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/10/2020-ാം തിയ്യതിയിൽ 3.15 pm സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9721/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണ സംവിധാനം ശരാശരി നിലവാരം പുലർത്തുന്നുണ്ട്. ബഡ്ജറ്ററി നിയന്ത്രണം കാര്യക്ഷമല്ലായെന്ന് പരിശോധനയിൽ കണ്ടു. വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കു തുക നൽകുന്നത് ബന്ധപ്പെട്ട റജിസ്റ്ററുകളിൽ ചേർത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട വിനിയോഗ / പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. പ്ലാസ്റ്റിക് ഷ്റെഡിങ്ങ് യൂണിറ്റിന് വേണ്ടി ₹ 35 ലക്ഷം രൂപയിലധികം തുക ചെലവഴിച്ചുവെങ്കിലും ആയത് യാഥാർത്ഥ്യമായിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2019 മുതൽ 23/11/2019 വരെ | 2019 ഒക്ടോബർ, നവംബർ | 05.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.4.2011 മുതൽ 16.04.2011 വരെ | 2006-07 മുതൽ 2010-11 വരെ | 13.05.2011 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2210209 | 2124112(2155473-31361 രൂപ)<br>2019-20 അഡ്വാൻസ്) | 86054 | 1657 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2210209 | 2507639-<br>അഡ്വാൻസ്-31361<br>(NR T/C)348595<br>(NR Ar T/C) 1512<br>(NR Ar) 3389<br>-----------<br>2122782 | 86054 | 1374 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Residencial building-ന്റെ ലെഡ്ജർ) | (1443/105X100)=<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2017-18 വാർഷിക ധനകാര്യ പത്രിക പ്രകാരം അഡ്വാൻസ് ഇനത്തിൽ തൻവർഷം ക്രമീകരിക്കാൻ തുക വകയിരുത്തിയിട്ടില്ല.

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2566279 | 2501737(2515892-14155)<br>(14155രൂപ<br>2019-20 അഡ്വാൻസ്) | 45846 | 19126 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2566279 | 2166991+348895-29220=2486366 | 45846 | 19006 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *(19957/105X 100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2031 | 835 | 1864 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *nil | 519 | **Nil |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(.......+........=......./105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (........../105X100)=......., |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ച തുക | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 42356 | 2371 | - | 40119 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4877 | 1125 | 29,220/- (അഡ്വാൻസിനത്തിൽ ലഭിച്ച തുകയിൽ നിന്നും അരിയർ കളക്ഷനിലേക്ക് ക്രമീകരിച്ചത്.) | 7500 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(5121/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | ** (7875/105X100)=..........,ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 112527 | 126 | 112653 | 109404 | 41 | 109445 | 4551 | -- | 85 | 112 | 70 |
| | നോൺ-റെസിഡൻഷ്യൽ | 129147 | 2189 | 131336 | 126296 | 122 | 126418 | 2450 | -- | 962 | 2064 | 3133 |
| | ആകെ | | | 243989 | | | 235863 | 7001 | - | 3203 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 244235 | | | 236381 | | | - | 242589 | 1470 | | |
| | | (246+112527+126+129147+2189) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | | | | (431910101 - State govt. | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | | |
|---|---|---|---|---|---|
| | | ആർ.പി-36(വരവ്)) | | Cess/levies...... ലെഡ്ജർ 2018-19) | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.5 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്തിൽ 251 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,36,381/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,35,863/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 2,42,589/- രൂപയാണ്.

2.7 “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും എഴുതി തള്ളിയതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.7.1 റെസിഡൻഷ്യൽ

| ക്രമ.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800437 | 31.03.19 | 33005(ടി തുക മുൻകൂർ തുകയിൽ നിന്നും എഴുതി തള്ളി) |

2.7.2 നോൺ-റെസിഡൻഷ്യൽ

| ക്രമ.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800438 | 31.03.19 | 10075 ( അഡ്വാൻസിൽ നിന്നും പ്രയർ പീരീഡ് ഇൻകം ഇനത്തിൽ എഴുതി തള്ളി.) |
| 2 | 41800448 | 31.03.19 | 20150 (പ്രയർ പിരീഡ് ഇൻകം ഇനത്തിൽ ഡിമാന്റ് വർദ്ധിപ്പിച്ചു.) |
| 3 | 41800429 | 31.03.19 | 29220 (അഡ്വാൻസിത്തിൽ ലഭിച്ച തുകയിൽ നിന്നും അരിയർ കളക്ഷനിലേക്ക് ക്രമീകരിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല.) |

3.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.5 ൽ ചേർത്തിട്ടുണ്ട്).

| ക്രമ.നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക( കെട്ടിടങ്ങൾ) | 130100101-Rent from Building | 217680 | 01.04.18 | 431400101 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.4വാടക ഡിമാന്റ് രജിസ്റ്റർ

4.5 ലൈബ്രറി രജിസ്റ്റർ

4.6 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.7 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

4.8 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4.1 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ)

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| വാടക | 2,17,680 | 2,17,680 | - | 15,876(RR നടപടി സ്വീകരിച്ചത് ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.) | - |

5. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (35036) RP -26 പ്രകാരമുള്ള വരവ് |
| 280100104-Prior period income-Property tax on non residential buildings | (27406)- 1122= (26284) |
| 280200401-Prior period income-Other income | (759627) |
| 280800201-Prior period- Administrative expenses | 447559 |
| 280800301- Prior period-operation & maintanance expense | (18000) |

6.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,02,33,877/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,65,73,943/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ടുകളിൽ 31/03/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/03/2019 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 75,63,324/- രൂപയാണ്. എന്നാൽ ആയതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

10. വായ്പ രജിസ്റ്റർ പ്രകാരം തൻവർഷം 1,14,33,980/- രൂപ HUDCO യിൽ നിന്നും വരവുണ്ട്. 31/03/2019 ൽ 1,14,33,980/- രൂപ തിരിച്ചടക്കാൻ ബാക്കിയുമുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം വായ്പ തുക 1,15,93,980/- രൂപയാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ

1.കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി(3/14.10.20) നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.2018-19 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1. | കുടുംബശ്രീ ജില്ലാ മിഷൻ | II |
| 2. | ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഇന്റർനാഷണൽ അക്കൗണ്ട്സ് | I,II |
| 3. | എക്ടീവ് കെയർ | I,II |
| 4. | ഫെയർഫിനാൻസ് | I,II |
| 5. | ന്യൂ ഫെയർഫിനാൻസ് | I,II |
| 6. | നന്തിലത്ത് ജി മാർട്ട് | I,II |
| 7. | മാളിയേക്കൽ എന്റർപ്രൈസസ് | I,II |
| 8. | സൈബർ ഷോട്ട് ടെക്നോളജീസ് പ്രൈ ലി | I,II |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി(4/14.10.20) നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

3.ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ട സ്ഥാപനങ്ങൾ

| ക്ര നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാർ |
|---|---|---|
| 1. | റോഷ് മെഡിക്കൽസ് | 8 ഡോക്ടർ,10 മറ്റ് ജീവനക്കാർ |
| 2. | റോസ് ലിൻ ഡെന്റൽ കെയർ | 1 ഡോക്ടർ,1 മറ്റ് ജീവനക്കാർ |
| 3. | സാന്ത്വനം ക്ലിനിക് | 3 ഡോക്ടർ,2 മറ്റ് ജീവനക്കാർ |
| 4. | സാന്ത്വനം ഹൈടെക് ലാബ് | 2 മറ്റ് ജീവനക്കാർ |

| | | |
|---|---|---|
| 5. | മാകെയർ ഡയഗനോസ്റ്റിക്സ് | 1 ഡോക്ടർ,2 മറ്റ് ജീവനക്കാർ |
| 6. | അൽ-അസം ഫാമിലി ഡെന്റൽ കെയർ | 1 ഡോക്ടർ |
| 7. | എക്സൽ കോളേജ് | 2 അദ്ധ്യാപകർ,1 മറ്റ് ജീവനക്കാർ |
| 8. | എക്സൽ ട്യൂഷൻ സെന്റർ | 2 അദ്ധ്യാപകർ, 1 മറ്റ് ജീവനക്കാർ |
| 9. | ഇഖ്റ കോളേജ് | 2 അദ്ധ്യാപകർ, 1 മറ്റ് ജീവനക്കാർ |
| 10. | ഫോക്കസ് കോളേജ് | 5 അദ്ധ്യാപകർ, 1 മറ്റ് ജീവനക്കാർ |
| 11. | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ നാഷണൽ അക്കൗണ്ട്സ് | ലഭ്യമല്ല |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി(8/15.10.20) നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-14 ഷോപ്പിങ്ങ് കോപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോപ്ലക്സിലെ മുറികൾ (VI/538, VI/540, VI/541, VI/542, VI/543, VI/544) ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ ബൈലോ (പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരമില്ല) പ്രകാരം മുറികൾ ലേലം ചെയ്ത് നൽകിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 7/15.10.20 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ ഷോപ്പിങ്ങ് കോപ്ലക്സിലെ ഒഴിഞ്ഞു കിടക്കുന്ന മുറികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 എഫ്.എ.ആർ അധികരിച്ചത് ക്രമവത്ക്കരിക്കാതെ കെട്ടിടനമ്പർ നൽകി

കെട്ടിട നിർമ്മാണാനുമതി നം.പി-19(എ)/2011-12 തി.28.12.2016 പ്രകാരം ശ്രീ.അശോകൻ കെ.എസ് s/o ശേഖരൻ, കല്ലാട്ട് ഹൗസ്, തളിക്കുളം എന്നയാൾക്ക് 3207.42 ച.മീ വിസ്തൃതിയിലുള്ള താമസകെട്ടിടം(ജി+8 നില) നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൈവശാവകാശ സാക്ഷ്യപത്രപ്രകാരം സ്ഥല വിസ്തീർണ്ണം 1012 ച.മീറ്ററാണ്.അനുമതി നൽകിയ പ്ലാൻ പ്രകാരം ഫ്ലോർ വിസ്തീർണ്ണം2463.55 ച.മീറ്ററും,എഫ്.എ.ആർ 2.43,പൂർത്തീകരിച്ച പ്ലിന്ത് എരിയ 3291.10 ച.മീറ്ററുമാണ്. കെ.പി.ബി.ആർ പ്രകാരം കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിൽ 300ച.മീറ്ററിന് മുകളിലുള്ള താമസ കെട്ടിടങ്ങൾക്ക് അനുവദനീയമായ എഫ്.എ.ആർ 1.75 ആണ്. ക്രമവത്ക്കരിക്കാവുന്ന എഫ്.എ.ആർ (ക്രമവത്ക്കരണ ഫീസോടെ)2.5 ആണ്. അതായത് എഫ്.എ.ആർ 1.75 ന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 5000/-രൂപ നിരക്കിൽ ക്രമവത്ക്കരണ ഫീസ് ഈടാക്കിയാണ് കെട്ടിടം ക്രമവത്ക്കരിക്കേണ്ടത്.

കെട്ടിടത്തിന് അനുവദനീയമായ ഫ്ലോർ ഏരിയ 1771 ച.മീ. (1.75x1012) ആണ്. അധികമായി നിർമ്മിച്ച 692.55 ച.മീറ്ററിന് 5000/-രൂപ/ ച.മീ നിരക്കിൽ 34,62,750/-രൂപ ഈടാക്കി ക്രമവത്ക്കരിക്കേണ്ടതായിരുന്നു. എന്നാൽ ഈ ഫീസ് ഈടാക്കാതെ കെട്ടിടത്തിന് കെട്ടിട നമ്പർ (6/61Aമുതൽ 6/61 ZI വരെ) നൽകി. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 22/22.10.20 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ ക്രമവത്ക്കരണ ഫീസ് 34,62,750/- രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ജി+8 നിലയുള്ള കെട്ടിടത്തിന് മുകളിൽ നിർമ്മാണപ്രവർത്തനം നടത്തിയിട്ടുണ്ടെങ്കിൽ ആയത് പരിശോധിക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 480.79 ച.മീ വിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനത്തിൽ കുറവ് സംഭവിക്കുന്നു

കെട്ടിട നിർമ്മാണാനുമതി നം-19(എ)/2011-12 തി.28.12.2016 പ്രകാരം ശ്രീ.അശോകൻ കെ.എസ് s/o ശേഖരൻ, കല്ലാട്ട് ഹൗസ്, തളിക്കുളം എന്നയാൾക്ക് 3207.42 ച.മീ വിസ്തൃതിയിലുള്ള താമസകെട്ടിടം (ജി+8 നില) നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ കെട്ടിടം വസ്തുനികുതി നിർണ്ണയിക്കുന്നതിന് അപേക്ഷ (അപേക്ഷാ നം എ2/2293/18 തി.18/4/18 ) നൽകിയിട്ടുണ്ട്. അപേക്ഷയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് VI/61A മുതൽ VI/61 ZI വരെ നമ്പർ നൽകിയിട്ടുണ്ട്. പൂർത്തീകരിച്ച പ്ലാൻ പ്രകാരം 3291.10 ച.മീ നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നു. മൊത്തം വിസതീർണ്ണത്തിന്റെ 480.79 ച.മീ ബേസ്മെന്റ് നിലയാണ്. ഈ വിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 22/22.10.20 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ 480.79 ച.മീ വിസതീർണ്ണത്തിന് 30/-രൂപ/ച.മീ നിരക്കിൽ (സ്വകാര്യ ഹോസ്റ്റൽ/ഹോം സ്റ്റേ/ലോഡ്ജ്) വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-17 വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈൗടാക്കുന്നു ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനത്തിൽ കുറവ് സംഭവിക്കുന്നു

1. ഗ്രാമപഞ്ചായത്തിലെ ഡി&ഒ,പാരാമെഡിക്കൽ രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ നാട്ടിക ബീച്ച് ആയുർവ്വേദ&യോഗ സെന്റർ എന്ന സ്ഥാപനത്തിന് പ്രവർത്തനാനുമതി നൽകിയിട്ടുള്ളതായി കാണുന്നു. ഈ സ്ഥാപനം IX/294 മുതൽ IX/298 വരെയുള്ള കെട്ടിട നമ്പറുകളിലായാണ് പ്രവർത്തിച്ചു വരുന്നത്. ഈ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച ഫോം 6 സഞ്ചയയിൽ നിന്നെടുത്ത് പരിശോധിച്ചപ്പോൾ റിസോർട്ടുകൾക്കുള്ള അടിസ്ഥാന വസ്തുനികുതിയായ 90രൂപ/ച.മീ അടിസ്ഥാനമാക്കിയാണ് ഈ കെട്ടിടങ്ങളെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ആയുർവ്വേദ സുഖ ചികിത്സ കേന്ദ്രങ്ങളുടെ അടിസ്ഥാന വസ്തുനികുതിയായ 150 രൂപ/ച.മീ അടിസ്ഥാനമാക്കിയാണ് ഈ കെട്ടിടങ്ങളെ വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 20/21.10.20 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ ഈ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച്, കുടിശ്ശിക സഹിതം (വസ്തുനികുതി പരിഷ്കരണം നടത്തിയ വർഷം മുതൽ) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിലെ പാരാമെഡിക്കൽ രജിസ്റ്റർ, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ സീതാറാം ആയുർവ്വേദ റിട്രീറ്റ് സെന്റർ എന്ന സ്ഥാപനത്തിന് പ്രവർത്തനാനുമതി നൽകിയിട്ടുള്ളതായി കാണുന്നു. ഈ ആയുർവ്വേദ റിട്രീറ്റ് സെന്ററിന്റെ കെട്ടിടനമ്പർ, സഞ്ചയയിൽ നിന്നുള്ള വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള ഫോം 6 എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 20/21.10.20 നൽകിയെങ്കിലും, മറുപടിയോ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഈ കെട്ടിടങ്ങളെ റിസോർട്ടുകൾക്കുള്ള അടിസ്ഥാന വസ്തുനികുതിയായ 90രൂപ/ച.മീ അടിസ്ഥാനമാക്കിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതെങ്കിൽ ആയത് ആയുർവ്വേദ സുഖ ചികിത്സ കേന്ദ്രങ്ങളുടെ അടിസ്ഥാന വസ്തുനികുതിയായ 150രൂപ/ച.മീ അടിസ്ഥാനമാക്കി പുനർനിർണ്ണയിക്കേണ്ടതാണ്.

## 1-18 അധിക നിർമ്മാണം ക്രമവത്ക്കരിച്ചില്ല

കെട്ടിട നിർമ്മാണാനുമതി നം.പി/73/2017-18തി.28/12/17 പ്രകാരം ശ്രീമതി.സുലേഖ ഹൈദർ,തലശ്ശേരിക്കാരൻ ഹൗസ്, ചെന്ത്രാപ്പിന്നി എന്നവർക്ക് 3479.06 ച.മീ വിസ്തൃതിയിലുള്ള കോമേഷ്യൽ കം റസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഈ കെട്ടിടം നമ്പർ ലഭിക്കുന്നതിനായി തപാൽ നം.എ2-3209/18 തി.5.6.18 പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്. 14/3/2018 തിയ്യതിയിലെ ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം 3883.6 ച.മീ പണി പൂർത്തികരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതിയിൽ നിന്നും 404 ച.മീ അധികമായി നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇത് ക്രമവതിക്കരിച്ചതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 8A/16.10.20

നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ 404 ച.മീ അധിക നിർമ്മാണം ക്രമവത്ക്കരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 പത്രപ്പരസ്യം - ചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല.

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 -എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ പദ്ധതി രൂപീകരണം, മോണിറ്ററിംഗ് എന്ന പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ₹80,145/-പരസ്യ ചാർജ്ജ് നൽകിയിട്ടുണ്ട്. എന്നാൽ അർഹമായ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (19/20.10.20) 15% ഡിസ്കൗണ്ട് തുകയായ ₹12,022/- രൂപ നിലവിൽ ദേശാഭിമാനിക്ക് നൽകാൻ ഉള്ള കുടിശ്ശിക തുകയിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

# 1-20 വാട്ടർ അതോറിറ്റിക്ക് സെന്റേജ് ചാർജ്ജ് ഇനത്തിൽ അധിക തുക അനുവദിച്ചു

2018-19 വർഷത്തിൽ വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് സെന്റേജ് ചാർജ്ജ് ആയി പ്രവൃത്തിയുടെ 12.5% തുക അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും, 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുമാണ് തുക അനുവദിച്ചിരിക്കുന്നത്. എന്നാൽ സ.ഉ.(സാധാ)നം.1069/18/തസ്വഭവ. 16.04.18 പ്രകാരം പി.ഡബ്യു.ഡി മാനുവൽ കേരള വാട്ടർ അതോറിറ്റിക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5% സെന്റേജ് ചാർജ്ജ് ഈടാക്കാവുന്നതല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേരും നമ്പരും | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽനം./ തീയതി | സെന്റേജ് ചാർജ്ജ് ആയി അനുവദിക്കാവുന്ന തുക (ആകെ പ്രവൃത്തി മൂല്യത്തിന്റെ 10%) | അനുവദിച്ച തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ(182/19) | 30000 | 21800846/ 04.10.2018 | 2296 | 2869 | 573 |
| 2 | കളപ്പുരയ്ക്കൽ ക്ഷേത്രത്തിന് സമീപം പൊതുടാപ്പ് മാറ്റി സ്ഥാപിക്കൽ (175/19) | 50000 | 21800788/ 18.05.2018 | 3992 | 4990 | 998 |
| | | | | | | 1571 |

| | ആകെ | | |
|---|---|---|---|

അധികം നൽകിയ തുക റീഫണ്ട് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതായി ഓഡിറ്റ് അന്വേഷണത്തിന് (16/20.10.20) മറുപടി അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

# 1-21 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ- അപാകതകൾ

1. പ്രൊജക്ടിന്റെ പേര് :തെരുവ് വിളക്ക് റിപ്പയർ എ.എം.സി.(Spill over)
പ്രൊജക്ട് നമ്പർ : 171/19
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
വകയിരുത്തിയ തുക : 151760 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവഴിച്ച തുക : 151760 (വൗച്ചർ നം./തീയതി – 21800214/18.05.18)

മേൽ പദ്ധതി മുഖേന ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 22-09-17 മുതൽ 20-03-18 വരെയുള്ള കാലയളവിൽ ഡബിൾ ട്യൂബ് സെറ്റും, എൽ.ഇ.ഡി. ലൈറ്റും റിപ്പയർ ചെയ്ത വകയിൽ ഷൈൻ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.
(എ) ചെലവ് വൗച്ചറായി തീയതിയും പോസ്റ്റ് നമ്പറുകളും റിപ്പയർ ചെയ്ത ഡബിൾ ട്യൂബ് / എൽ.ഇ.ഡി. ലൈറ്റിന്റെ എണ്ണവും കാണിച്ച് കൊണ്ടുള്ള അപേക്ഷയാണുള്ളത്. എന്നാൽ ഇത് വാർഡ് മെമ്പറോ, മോണിറ്ററിംഗ് സമിതിയോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
(ബി) കേടായ തെരുവ് വിളക്കുകളും ഉപകരണങ്ങളും Register of unserviceable items ൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (17/20.10.20) തെരുവ് വിളക്ക് റിപ്പയറിംഗിന്റെ ഭാഗമായി തിരികെ ലഭിക്കുന്ന കേടായ തെരുവ് വിളക്കുകളും ഉപകരണങ്ങളും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ഉണ്ടായിട്ടുള്ളതെന്നും ഇനി മുതൽ റജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തെരുവ് വിളക്കുകളുടെ പരിപാലനം മേൽ വിഷയവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും സർക്കുലറുകളും പഞ്ചായത്ത് ഡയറക്ടറുടെ 17-08-15 ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരവും നിർവ്വഹിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.17/20.10.2020)

# 1-22 മുഴുവൻ തുകയും കൈമാറിയിട്ടും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല

പ്രൊജക്ടിന്റെ പേര് : പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്
പ്രൊജക്ട് നമ്പർ : 112/18-19
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
വകയിരുത്തിയ തുക :1160000/- (410000 വികസന ഫണ്ട് + 750000 ബ്ലോക്ക് വിഹിതം)
ചെലവഴിച്ച തുക :982943/- (വൗച്ചർ നം./തീയതി – 21801355/27.02.19 (₹410000)
– 21801276/12.03.19 (₹300000)
– 21801277/12.03.19 (₹272943))

ക്ലീൻ കേരള കമ്പനിയുമായി തളിക്കുളം ഗ്രാമപഞ്ചായത്ത് ഏർപ്പെട്ട കരാർ പ്രകാരം (എഗ്രിമെന്റ് നമ്പർ.12/18-19 തീയതി 08/02/19) ക്ലീൻ കേരള കമ്പനി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സപ്ലൈ ചെയ്ത് ഇൻസ്റ്റാൾ ചെയ്യേണ്ടതാണ്. മെഷിനറിയുടെ വില, ഇൻസ്റ്റലേഷൻ, കമ്മീഷൻ ചെലവുകൾ എന്നിവ പഞ്ചായത്ത് വഹിക്കേണ്ടതും മെഷീൻ സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് ഒരുക്കേണ്ടതുമാണ്. കരാറിൽ clause 30 ൽ Termination of the Agreement നിബന്ധനയായി “Both LSGI and the company have liberty to terminate the agreement with mutually agreed terms and conditions on one month advance notice in the event of violation of any terms conditions by either party. In the event of such cancellation any advance money received by the company will not be returned”എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ കമ്പനി കരാർ പാലിക്കാതിരുന്നാൽ തുക തിരികെ

ലഭിക്കുന്നതിനും പലിശ ഈടാക്കുന്നതിനും ആവശ്യമായ നിബന്ധന കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ കരാറിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി ക്ലീൻ കേരള കമ്പനിയ്ക്ക് ജി.എസ്.ടി തുകയായ 16,660/- രൂപ കഴിഞ്ഞ് 9,66,283/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ക്ലീൻ കേരള കമ്പനി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സപ്ലൈ ചെയ്ത് സ്ഥാപിച്ചിട്ടില്ല. ഷ്രെഡ്ഡിംഗ് മെഷീൻ സപ്ലൈ ചെയ്യാത്ത സാഹചര്യത്തിൽ ക്ലീൻ കേരള കമ്പനിക്ക് എ3-5729/18 തീയതി.20/09/2019 ന് പഞ്ചായത്ത് കത്ത് നൽകുകയും ആയതിന് ക്ലീൻ കേരള കമ്പനിക്ക് മെഷീൻ സപ്ലൈ ചെയ്യുന്ന സ്ഥാപനത്തിന്റെ കാലാവധി അവസാനിച്ചുവെന്നും പുതിയ ടെണ്ടർ നടപടിക്ക് ശേഷം ഒക്ടോബർ-നവംബർ മാസങ്ങളിൽ വിതരണം ചെയ്യാമെന്ന് സി36/ സികെസിഎൽ/2019 തീയതി 20.09.2019 പ്രകാരം മറുപടി അറിയിച്ചു. പിന്നീട് ക്ലീൻ കേരള കമ്പനിയുടെ സി33/ സികെസിഎൽ/2018 തീയതി 12.05.2020 കത്ത് പ്രകാരം പുതിയ ടെണ്ടർ നടപടികൾ പൂർത്തിയായപ്പോൾ മെഷിനറികളുടെ സ്പെസിഫിക്കേഷനിലും വിലയിലും മാറ്റമുണ്ടായതായും കൂടാതെ സ.ഉ.(ആർ.റ്റി)നം.469/2020/ എൽ.എസ്.ജി.ഡി തീയതി 25.02.2020 പ്രകാരം ഷ്രെഡ്ഡിംഗ് മെഷീൻ തുടർന്ന് സ്ഥാപിക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും പഞ്ചായത്തിന് ആവശ്യമെങ്കിൽ ബെയിലിംഗ് മെഷീൻ, ഡസ്റ്റ് റിമൂവർ എന്നിവ അനുവദിക്കാൻ തയ്യാറാണെന്നും അല്ലാത്ത പക്ഷം തുക തിരികെ അടവാക്കാവുന്നതാണെന്നും അറിയിച്ചു. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ ഇല്ലാതെ ബെയിലിംഗ് മെഷീനും ഡസ്റ്റ് റിമൂവറും മാത്രമായി ആവശ്യമില്ലെന്നും 18% പലിശ അടക്കം തുക തിരികെ ആവശ്യപ്പെടുന്നതിനും പഞ്ചായത്തിന്റെ 24/08/2020 ലെ 1(8)/20 നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ക്ലീൻ കേരള മിഷൻ തുക തിരികെ അടവാക്കിയിട്ടില്ല. തുക ഈടാക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.18/20.10.20)

# 1-23 ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക കൈമാറിയത് അഡ്വാൻസ് രജിസ്റ്ററിലോ ലെഡ്ജറിലോ രേഖപ്പെടുത്തിയിട്ടില്ല.

2018-19 വർഷത്തിൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിലോ ബാധകമായ സാംഖ്യ ലെഡ്ജറിലോ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേരും നമ്പരും | തുക | ഫണ്ടിനം | വൗച്ചർ നം./തീയതി | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|---|
| 1 | കളപ്പുരയ്ക്കൽ ക്ഷേത്രത്തിന് സമീപം പൊതുടാപ്പ് മാറ്റി സ്ഥാപിക്കൽ (175/19) | 50000 | ധനകാര്യ കമ്മീഷൻ അവാർഡ് | 21800788/18.05.18 | കേരള വാട്ടർ അതോറിറ്റി |
| 2 | അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ (182/18) | 30000 | ,, ,, | 21800846/04.10.2018 | കേരള വാട്ടർ അതോറിറ്റി |
| 3 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (174/19) | 52500 | ,, ,, | 21800656/18.05.2018 | കെ.എസ്.ഇ.ബി. |
| 4 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (19/19) | 557712 | ,, ,, | 21801354/21.01.19 - ₹257113 21801352/14.02.19- ₹300599 | കെ.എസ്.ഇ.ബി. |

ഡെപ്പോസിറ്റ് തുകകൾ അഡ്വാൻസ് രജിസ്റ്ററിലും ബന്ധപ്പെട്ട ലെഡ്ജറുകളിലും ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുള്ളത്, 2020-21 വർഷത്തിൽ പരിഹരിക്കുന്നതാണെന്നും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

വിവിധ പദ്ധതികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേരും നമ്പരും | തുക | വൗച്ചർ നം./തീയതി | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| 1 | കളപ്പുരയ്ക്കൽ ക്ഷേത്രത്തിന് സമീപം പൊതുടാപ്പ് മാറ്റി സ്ഥാപിക്കൽ (175/19) | 50000 | 21800788/18.05.18 | കേരള വാട്ടർ അതോറിറ്റി |
| 2 | അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ (182/18) | 30000 | 21800846/04.10.2018 | കേരള വാട്ടർ അതോറിറ്റി |

# 1-25 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

ഓഡിറ്റ് എൻക്വയറി നം. 2 തിയ്യതി 13-10-2020

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്. ഡബ്ളിയു.ഡി തി.3-12-2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള താഴെ ചേർക്കുന്നതു പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്കു വിധേയമായി 2018-19 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| അലോപ്പതി വിഭാഗം | 19-7-2007 | 12 എണ്ണം<br>2007-08 മുതൽ 2018-19 ഉൾപ്പടെ |
| ആയുർവ്വേദ വിഭാഗം | 13-11-2018 | 1 എണ്ണം<br>2018-19 |

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനു വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-26 പ്രോജ.നം.164/19 മാലിന്യ സംസ്കരണ യൂണിറ്റ് യാഥാർത്ഥ്യമായിട്ടില്ല / ജി.എസ്.ടി അടവാക്കിയിട്ടില്ല.

ധനകാര്യ കമ്മീഷൻ അവാർഡ് ₹ 17,00,000-

ബ്ലോക്ക് വിഹിതം ₹ 10,00,000-

ഭരണാനുമതി 19 / 20-09-17

സാങ്കേതികാനുമതി

1. TS 192 / EE LSGD / 17-18 തി.19-10-17 ( സിവിൽ പ്രവൃത്തികൾ )

2. TS 41 / EE LSGD ഇല. കമ്മിറ്റി 17-18 തി.8-8-18 (ഇലക്ട്രിഫിക്കേഷൻ)

കരാറുകാരൻ രാജേഷ് സി.വി. (സിവിൽ )

"" വിനോദ് എം.കെ (ഇലക്ട്രിഫിക്കേഷൻ )

സിവിൽ പ്രവൃത്തികൾ

വൗ.നം. 10 / 19-5-18 ₹ 8,68,530-

വൗ.നം. 27 / 15-11-18 ₹ 8,31,470-

ബ്ലോക്ക് വിഹിതം ₹ 5,70,279-

വൈദ്യുതീകരണ പ്രവൃത്തികൾ

ബ്ലോക്ക് വിഹിതം ₹ 64,699-

ബ്ലോക്ക് വിഹിതം ₹ 2,648--

അളവുപുസ്തകങ്ങൾ

1. സിവിൽ പ്രവൃത്തികൾ

MB 101 / 17-18

MB 56 / 17-18

MB 99 / 17-18

2. വൈദ്യുതീകരണ പ്രവൃത്തികൾ

MB 155 / 17-18

ഓഡിറ്റ് എൻക്വയറി നമ്പർ 9 തിയ്യതി 16-10-20

മേൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. മാലിന്യ സംസ്കരണ യൂണിറ്റിന്റെ സിവിൽ / ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ 7-1-2019 ന് പൂർത്തീകരിച്ചുവെങ്കിലും ആവശ്യമായ മെഷിനറികൾ സജ്ജീകരിച്ച് വൈദ്യുതി ബന്ധം ഏർപ്പെടുത്തി മാലിന്യ സംസ്കരണ യൂണിറ്റ് നാളിതു വരെ യാഥാർത്ഥ്യമാക്കിയിട്ടില്ല. പ്ലാസ്റ്റിക് ഷ്രെഡിങ് മെഷിൻ ലഭ്യമാക്കുന്നതിനായി പ്രൊജ. നം. 112 / 19 പ്രകാരം ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹ 9,82,943/- രൂപ നൽകുകയുണ്ടായി. എന്നാൽ മെഷിൻ സപ്ലൈ ചെയ്യുന്നതിന് നിർവ്വാഹമില്ലായെന്ന് ബന്ധപ്പെട്ട സ്ഥാപനം കത്ത് നം. 33 / CKCL /2018 തി. 12-5-20 പ്രകാരം അറിയിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടു. ആകെ ₹ 33,20,569- ചെലവു ചെയ്തിട്ടും മാലിന്യ സംസ്കരണ യൂണിറ്റ് പ്രവർത്തന ക്ഷമമാകാത്ത സാഹചര്യം നിലനിൽക്കുന്നു.

2. ജി.എസ്.ടി ആക്റ്റ് 2017 സെക്ഷൻ 51 (1 ) പ്രകാരം 1-7-2017 മുതൽ വിവിധ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാർക്ക് തുക നൽകുന്ന വേളയിൽ 2% ടി.ഡി. എസ് ഈടാക്കേണ്ടതുണ്ട്. സെൻട്രൽ ടാക്സ് നോട്ടിഫിക്കേഷൻ നം. 50 / 18 തി. 13-9-18 പ്രകാരം ഇക്കാര്യത്തിലുള്ള പ്രാബല്യ തിയ്യതി 1-10-2018 മുതലാണ്. മേൽപ്രകാരം പ്രവൃത്തിയുമായി ബന്ധപ്പെട്ട് ടി.ഡി.എസ് ഈടാക്കിയിട്ടില്ലായെന്നു മാത്രമല്ല കരാറുകാരൻ ജി.എസ്.ടി അടവാക്കിയിട്ടില്ലായെന്ന് കൂടി ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയുണ്ടായി.

അപാകതകൾ പരിഹരിച്ച് യഥാസമയം മറുപടി നൽകേണ്ടതാണ്.

# 1-27 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- അബ്ദുഹാജി കോൺക്രീറ്റ് റോഡ് നിർമ്മാണം-ക്വാറി മക്കിന് അധിക നിരക്ക് നൽകി

സാങ്കേതികാനുമതി 193 /17-18 MGNREGS / TKMGP തി. 3-1-18

അളവുപുസ്തകം നമ്പർ 190 / 18-19

ഓഡിറ്റ് എൻക്വയറി നമ്പർ 24 തിയ്യതി 21-10-2020

ഇനം 51.2.3 നമ്പറിൽ ക്വാറി മക്ക് ഫില്ലിങ്ങ് എന്ന ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ക്വാറി മക്കിന് നൽകാവുന്ന നിരക്ക് ₹ 750 / $m^3$ ആണ്. എന്നാൽ മേൽപ്രകാരം പ്രവൃത്തിയുമായി ബന്ധപ്പെട്ട് ₹ 1250 / $m^3$ എന്ന നിരക്ക് നൽകിയിട്ടുണ്ട്. അളവുപുസ്തകം പേജ് നമ്പർ 15 പ്രകാരം 45 m3 ക്വാറി മക്കാണ് ഉപയോഗിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ആകെ അധികം നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം ചെലവു ചെയ്തത് |
|---|---|---|
| $45m^3$x$1250m^3$= ₹ 56,250/- | $45m^3$x$750m^3$= ₹ 33750/- | $45m^3$x$500m^3$= ₹ 22500/- |

മേൽ സംഗതിയിൽ വിശദീകരണം നൽകേണ്ടതും അധികം ചെലവു ചെയ്ത ₹ 22500/- രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

# 1-28 ലൈഫ് പദ്ധതി- ആദ്യഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല.

പഞ്ചായത്തിലെ ലൈഫ് രണ്ടാം ഘട്ടം (ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം) ആകെ 128 ഗുണഭോക്താക്കളിൽ 2018-19 വർഷം 87 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ വെച്ച ഗുണഭോക്താക്കളിൽ 81 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പണി പൂർത്തിയാക്കാൻ ബാക്കിയുള്ള 6 പേരിൽ 2 ഗുണഭോക്താക്കളുടെ (മിനി ആര്യദേവൻ മങ്ങാട്ട്, ശ്രീമതി കൃഷ്ണൻ വടക്കുംമുറി) മേൽക്കൂര വാർക്കൽ പൂർത്തിയാക്കിയതായും ഭവന നിർമ്മാണം ഉടൻ പൂർത്തിയാക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ബാക്കിയുള്ള 4 ഗുണഭോക്താക്കൾ (ബിനി വിനോദ് മാനങ്ങത്ത്, ബിനീഷ് കരീപ്പാടത്ത്, ഷിഹാബുദ്ദീൻ പുതിയ വീട്ടിൽ, ആബിദ ഷെറീഫ് ഉത്തരപ്പറമ്പിൽ) ആദ്യഗഡുവായ ₹40,000/- രൂപ വീതം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. മേൽ ഗുണഭോക്താക്കളിൽ ആബിദ ഷെറീഫ് ഉത്തരപ്പറമ്പിൽ എന്നവരൊഴികെയുള്ളവരുടെ സ്ഥലം ബൈപ്പാസിനുള്ള സ്ഥലമളവിൽ ഉൾപ്പെട്ടിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. മേൽ നാലു ഗുണഭോക്താക്കൾക്ക് ആദ്യഗഡുവായി അനുവദിച്ച ₹40000/- രൂപ വീതം തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-29 എസ്.സി./എസ്.ടി. പദ്ധതിക്കു വേണ്ടി വകയിരുത്തിയ തുക മുഴുവനായി ചെലവഴിച്ചിട്ടില്ല

പ്രൊജക്റ്റ് നമ്പർ 126/18. സ്വയം തൊഴിൽ. പിക്ക് അപ് ഓട്ടോ എന്ന പദ്ധതിക്കു വേണ്ടി 1,20,000/- രൂപ വകയിരുത്തിയെങ്കിലും 60,000/- രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ.

എസ്.സി./എസ്.ടി. പദ്ധതികൾ നടപ്പിലാക്കുമ്പോൾ വകയിരുത്തിയ തുക മുഴുവനായി ചെലവഴിക്കാൻ സാധിക്കാവുന്ന തരത്തിൽ പദ്ധതികൾ രൂപകൽപ്പന ചെയ്യണമെന്ന് അഭിപ്രായപ്പെടുന്നു.

# 1-30 പണം മുഴുവനായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രൊജക്റ്റ് നമ്പർ – 141/17- പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്നുകൾ ലഭ്യമാക്കുക എന്ന പദ്ധതിക്കു വേണ്ടി ചെക്ക് നമ്പർ J.K. 65779 dt.28/03/19 പ്രകാരം 1,41,716/- രൂപ കേരള മെഡിക്കൽ കോർപ്പറേഷന് കൈമാറിയിട്ടുണ്ടെങ്കിലും ഇതുവരെ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി 13-ന് ലഭിച്ച മറുപടി പ്രകാരം മരുന്നുകൾ ലഭിക്കാത്തതിനെ സംബന്ധിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഡയറക്ടർക്ക് ഒന്നിലേറെ തവണ കത്തുകൾ അയച്ചെങ്കിലും മറുപടി ഉണ്ടായില്ലെന്നും പറയുന്നു.

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് കൃത്യമായ ഉടമ്പടിക്ക് ശേഷം മാത്രമേ വരും കാലങ്ങളിൽ പണം കൈമാറാൻ പാടുള്ളൂ എന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ എത്രയും വേഗം സ്വീകരിക്കണമെന്നും അഭിപ്രായപ്പെടുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | അനുപൂരക പോഷകാഹാരം | 2,00,000 | 0 |
| | | 3,00,000 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 3,00,000 | 0 |
| | | 7,50,000 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ | 5,72,943 | 1,77,057 |
| | | 13,70,600 | ലൈഫ് | 13,60,000 | 10,600 |
| | | 4,60,894 | ലൈഫ് | 3,60,000 | 1,00,894 |
| | | 50,000 | പാലിന് സബ്സിഡി | 50,000 | 0 |
| | | 1,32,500 | അംഗൻവാടിക്ക് വാട്ടർ പ്യൂരിഫയർ | 1,27,200 | 5,300 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 65,000 | വികലാംഗർക്ക് മുച്ചക്ര വാഹനം | 0 | 65,000 |
| | | 2,62,500 | മാനസിക വെല്ലുവിളി | 1,95,450 | 67,050 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| | | 2,00,000 | അനുപൂരക പോഷകാഹാരം | 0 | 2,00,000 |
| | | 3,25,000 | പാലിയേറ്റീവ് പരിപാലനം | 3,25,000 | 0 |
| | | 19,38,946 | ലൈഫ് | 19,20,000 | 18,946 |
| | | 25,000 | പാലിന് സബ്സിഡി | 25,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കളപ്പുരയ്ക്കൽ ക്ഷേത്രത്തിന് സമീപം പൊതുടാപ്പ് മാറ്റി സ്ഥാപിക്കൽ (175/19) | 50000 | 0 | 50000 |
| | അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ (168/19) | 30000 | 0 | 30000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (174/19) | 52500 | 52500 | 0 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (19/19) | 557712 | 557712 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Loan from | - | 11593980 | - | | | 11593980 |

| HUDCO | | | | | | |
|---|---|---|---|---|---|---|

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 35 | 2003-04 | 3.8.10-2(5.1) | വില്പന നികുതി കുറവ് 32025/- | ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 2000-01 | 39 | 2003-04 | 3.8.10-2(5.2) | അഡ്വാൻസ് നല്കിയ പണി പൂർത്തീകരിച്ചിട്ടില്ല. | ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 2005-06 | 3(19) | 2009-10 | 2.8 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിവരം 16.05.2014 ലെ എ2-2191/2014 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 2005-06 | 3(19) | 2009-10 | 2.10(15) | പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിവരം 16.05.2014 ലെ എ2-2191/2014 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| 2005-06 | 3(20) | 2009-10 | 2.10(15) | ഹഡ്കോ ലോൺ തിരിച്ചടവ്- ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ₹14,00,000 തടസ്സപ്പെടുത്തുന്നു. | 26.11.2004ലെ സർക്കാർ ഉത്തരവ് നം.319/2004/ തസ്വഭവ. പ്രകാരം 22/12/2005 ലെ ജി1-1587/2005 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ₹2161400 /- അടയ്ക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 03.04.16 ന് 14 ലക്ഷവും 10.01.2017 ന് ₹761400/- രൂപയും കൈമാറിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | 2.2 | സ്ഥാപന തൊഴിൽനികുതി അടവാക്കൽ | അടവാക്കിയിട്ടുണ്ട്. |
| 2015-16 | 2.2 | 2016-17 | 2.1 | ഡി&ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച്. | എല്ലാ സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി നിർണ്ണയിച്ച് നല്കിയിട്ടുണ്ട്. |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,59,10,266 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,56,76,389 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല.

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഇല്ല.

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 88-89, 89-90 | എൽ.എഫ്.ടി.8-എസ്. 201/12തിയതി. 24/10/11 -28/03/12 |

| | |
|---|---|
| 90-91<br><br>92-93<br>മുതൽ<br>95-96<br>വരെ | |
| 97-98 | എൽ.എഫ്.ടി.14-1760/99 തിയതി. 28/03/2000 |
| 98-99 | എൽ.എഫ്.ടി.14-1547/2000- തിയതി 09/05/01 |
| 99-00 | എൽ.എഫ്.ടി.14-212/03- തിയതി 4/07/03 |
| 00-01 | എൽ.എഫ്.ടി.14-213/03 തിയതി 15/09/03 |
| 01-02 | എൽ.എഫ്.ടി.14-1735/03- തിയതി 22/05/03 |
| 02-03 | എൽ.എഫ്.ടി.14-440/05 തിയതി 10/10/05 |
| 03-04 | എൽ.എഫ്.ടി.14-1864/05 തിയതി 26/07/06 |
| 04-05 | എൽ.എഫ്.ടി.14-316/07 തിയതി 29/3/07-5/06/07 |
| 05-06 | എൽ.എഫ്.ടി.14-1963/08 തിയതി 21/12/09 |
| 06-07 | എൽ.എഫ്.ടി.14-669/10 തിയതി 6/09/10 |
| 07-08 | എൽ.എഫ്.ടി.14-1068/10 തിയതി 31/01/11 |
| 08-09 | എൽ.എഫ്.ടി.പി.14-1069/10തിയതി 31/01/11-29/06/11 |
| 09-10 | എൽ.എഫ്.ടി.പി.1-891/12 തിയതി 7/9/12 |
| 10-11 | എൽ.എഫ്.ടി.പി.1-892/12തിയതി 7/9/12-5/01/13 |
| 11-12 | എൽ.എഫ്.ടി.പി.1-364/13തിയതി 12/06/13-4/11/13 |
| 12-13 | എൽ.എഫ്.ടി.പി.1-31/14തിയതി. 4/03/14 – 4/4/14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.130/2016/22.1.16- 18.3.2016 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി1)1197/16 തി. 21.7.16 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ. (പി1)9/17 തീ. 30.01.17 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ.(പി.1) 1525/17 തിയതി.28.11.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ.(പി1)873/2019<br>തീയതി:19.06.2019 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി.14)1219/20

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in
തീയതി: 30.12.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

<table>
<tr><td></td><td>സംക്ഷിപ്തം(AuditedAbstract)</td><td rowspan="4">പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്</td></tr>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

പ

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ